

NYNA BOOKS

പക്ഷികൾ ചേക്കേറുന്നിടം

വിനോദ് നാരായണൻ

പക്ഷികൾ ചേക്കേറുന്നിടം

വിനോദ് നാരായണൻ

NYNA BOOKS

Malayalam Language

Pakshikal Chekkerunnidam

Vinod Narayanan

First Kindle Edition: August 2019
Cover & Typesetting: Boons Entertainments

Published by
NYNA BOOKS
MSME/UAN Regd. KL07D0004957
www.nynabooks.com
Email: nynabooks@gmail.com

1997 ൽ മംഗളം വാരികയാണ് ഈ കഥ പ്രസിദ്ധീകരിച്ചത്. സ്ത്രീ എല്ലായ്പ്പോഴും ഒരു പ്രഹേളികയാണ്. ചിലപ്പോൾ ചില പുരുഷന്മാരുടെ ജീവിത്തിലേക്ക് കടന്നുവരുന്ന സ്ത്രീകളെല്ലാം ഒരു രീതിയിൽത്തന്നെ മുദ്രണം ചെയ്യപ്പെട്ടവരായിരിക്കുമോ. ആവര്ത്തനസ്വഭാവമുള്ള ജന്മാന്തരജീവിതങ്ങളുടെ കാഴ്ചയെ വിശകലനം ചെയ്യുകയാണ് 'പക്ഷികൾ ചേക്കേറുന്നിടം' എന്ന കഥയിൽ.



വിനോദ് നാരായണന്

1975 മാര്ച്ച് 24 തീയതി എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയില് ജനിച്ചു. പിതാവ് ചോറ്റാനിക്കര വെളുമ്പറമ്പില് നാരായണനും മാതാവ് തൃപ്പൂണിത്തുറ എരൂര് വാണിയത്തു വീട്ടില് ഓമനയുമാണ്. ചോറ്റാനിക്കര ഗവ.ഹൈസ്കൂളിലും തൃപ്പൂണിത്തുറ ഗവ.കോളജിലുമായി വിദ്യാഭ്യാസം ചെയ്തു. ചരിത്രത്തില് ബിരുദാനന്തരബിരുദം നേടിയതിനുശേഷം പത്രപ്രവര്ത്തകനായി. ഇപ്പോള് സ്വതന്ത്ര എഴുത്തുകാരനും തിരക്കഥാകൃത്തുമാണ്. അഞ്ച് ഹ്രസ്വചിത്രങ്ങള് തിരക്കഥയെഴുതി സംവിധാനം ചെയ്യുകയും അവ വിവിധ അന്താരാഷ്ട്ര ചലച്ചിത്രവേദികളില് പ്രദര്ശിപ്പിക്കപ്പെടുകയും പുരസ്കാരാര്ഹമാവുകയും ചെയ്തു.
ആദ്യത്തെ നോവല് മായക്കൊട്ടാരം പ്രസിദ്ധീകരിക്കപ്പെട്ടത് 1999ല് മനോരാജ്യം വാരികയിലാണ്. വിവിധ ആനുകാലികങ്ങളിലായി നാല്പതില്പരം ചെറുകഥകളെഴുതി. വിവിധ

പ്രസാധകരിലൂടെ 135
ല് കൂടുതല് പുസ്തകങ്ങള് പ്രസിദ്ധീകരിക്കപ്പെട്ടു. ദി റെഡ്
(നോവല്), കാട്ടാനകളും പേരാച്ചികളും(നോവല്),
ചെകുത്താന്റെ രഹസ്യം(നോവല്),
കൊച്ചുകൊച്ചുനിഗൂഢകഥകള് (കഥകള്),
ഐതിഹ്യങ്ങളിലെ യക്ഷിക്കഥകള് എന്നിവ
പ്രധാനപുസ്തകങ്ങളാണ്. ആമസോണിലൂടെ
പതിനഞ്ചിലധികം പുസ്തകങ്ങള് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
കൂടുതല് വിവരങ്ങള്ക്ക് വിനോദ് നാരായണന്റെ
ആമസോണ് ഓതര് പേജ് നോക്കുക.

വിലാസം: 'ശിവരഞ്ജിനി'
ചെമ്പ്. P.O, പിന് : 682608
വൈക്കം, കോട്ടയം ജില്ല.
Email : boonsenter@gmail.com
Website : vinodnarayana.blogspot.com

“ഇത് സുഭദ്ര! ഇത് സുഭ്രദയുടെ അമ്മ! സുഭദ്രയോടു ചേര്ന്നു നില്ക്കുന്ന കുട്ടി സുഭ്രദയുടെ ഇളയ അനുജത്തിയാണ്. ഇങ്ങേയറ്റം നിൽക്കുന്ന നരച്ച മീശക്കാരൻ സുഭ്രയുടെ അമ്മാവൻ ഭാസ്കരനാണ്. മരിചിട്ട് രണ്ടുവര്ഷമായി. സുഭ്രദയുടെ പിന്നില് നില്ക്കുന്ന പുള്ളിജംബറിട്ട സ്ത്രീ ദിവ്യേട്ത്തിയാണ്. പാവം! “ന്നോട് വല്യ സ്നേഹായിരുന്നു....ഇത് കൊച്ചമ്മായി...“രേണുകയുടെ മിഴികൾ ആര്ദ്രതയോടെ ശശാങ്കനുനേരെ നീണ്ടു. ശശാങ്കൻ വിവരണം മതിയാക്കി.

“സുഭദ്ര നല്ലവളായിരുന്നു...'

ശശാങ്കൻ പഴകിനരച്ച കുടുംബ ഫോട്ടോ മേശവലിപ്പിനുള്ളിൽ ഭദ്രമായി വച്ചു.

ഇവിടെ ഇഷ്ടായോ?“

“ഒരുപാടിഷ്ടായി.“"

“നിക്കറിയാം നെനക്കിഷ്ടാവുന്ന്. ആരാ ഇഷ്ടപ്പെടാണ്ടിരിക്കാ..."“

“ഇതിനെത്ര പഴക്കോണ്ട്?“"

രേണുക ചോദിച്ചു.

ശശാങ്കൻ ഒരു നിമിഷം ആലോചിച്ചു.

“ഒരഞ്ഞുറു വര്ഷം“

“അഞ്ചുറുവർഷോ?"“

രേണുക ആശ്ചര്യപ്പെട്ടു.

“കോയമ്പത്തൂരു നിന്നാ മതീന്ന് അച്ഛൻ പറഞ്ഞപ്പോ അതാ നല്ലതെന്ന് ആദ്യം ഞാനും നിരീച്ചു. ഇപ്പ തോന്ന്വാ ഇവിടെ വന്നില്ലായിരുന്നെങ്കില് അതൊരു നഷ്ടായേനേന്ന്.“

രേണുക ഉത്സാഹത്തോടെ പറഞ്ഞു.

“ഞാനും സുഭദ്രയും ഏകദേശം ആറുമാസത്തോളം ഇവിടെ താമസിച്ചു. സുഭദ്രയെ കെട്ടിക്കൊണ്ടുവരണത് തന്നെ ഈ വീട്ടിലേക്കാ. അന്ന്ഞങ്ങളെല്ലാവരും ഇവിടെയായിരുന്നു താമസം.“

ശശാങ്കൻ ഷര്ട്ടടഴിച്ചെടുത്ത് മരച്ചുവരിലെ ആണിയില്തൂക്കി.

“ഈ തംബുരു നന്നായിരിക്കുന്നല്ലോ! ഇതിനു വളരെ പഴക്കവും തോന്നിക്കുന്നുണ്ട്.'

രേണുക പൊടിപിടിച്ച തംബുരുവിൽ ശ്രുതിയിട്ടു.

““സുഭ്രദ പാട്ടുമായിരുന്നോ?“'

“ഉവ്വ്! സുഭ്രദ നന്നായി പാട്ടുമായിരുന്നു. നന്നായി നൃത്തം ചെയ്യുമായിരുന്നു. അവൾ നന്നായി...“

“ചുരുക്കത്തിൽ സുഭദ്ര ഒരു സകലകലാവല്ലഭയായിരുന്നു!"“

അതുപറഞ്ഞ് രേണുക ചിരിച്ചു.

“നീ കളിയാക്കുകയാണോ?"

ശശാങ്കൻ ദേഷ്യപ്പെട്ടു.

“നിനക്ക് സുഭദ്രയോടസൂയയാണ്. നിനക്കറിയില്ല!
അവൾ തനിതങ്കമായിരുന്നു."

രേണുകയ്ക്ക് വല്ലായ്മതോന്നി.

“ഈ തംബുരു അമ്മയുടേതായിരുന്നു. അമ്മയ്ക്ക് വലിയ
മുത്തശ്ശിസമ്മാനിച്ചതാണത്രേ! അമ്മയ്ക്കിഷ്ടമുള്ള ഒരു
കീര്ത്തനമുണ്ട് 'പാർവതീവല്ലഭ പരമേശ്വരവിഭോ...'
എന്നു തുടങ്ങുന്ന മനോഹരമായ ഒരുകീര്ത്തനം! സുദ്രദ
അതുപാട്ടുമായിരുന്നു. അമ്മയ്ക്ക് ചിത്തദീനം
മൂര്ച്ഛിക്കുമ്പോള്പോലും ആ കീര്ത്തനം സുഭദ്ര
പാടിക്കേള്ക്കുമ്പോൾ അമ്മ പെട്ടെന്ന് ശാന്തമാകും."

“ഈ മാളികയ്ക്കെത്ര മുറികളുണ്ട്?"
സംസാരത്തെ മുറിച്ചുകൊണ്ട് രേണുക പെട്ടെന്ന്
ചോദിച്ചു.
ശശാങ്കൻ അരിശമായി.
എന്നാൽ അയാളതു പ്രകടിപ്പിക്കാതെ കിളിവാതിലിലൂടെ
താഴെ ആറ്റിൻകരയിലേക്ക് നോക്കിനിന്നു.
“ഹായ് എത്ര മനോഹരമായിരിക്കുന്നു!"
രേണുക പിന്നിൽ വന്നുപറഞ്ഞു.
ശശാങ്കൻ വീണ്ടും ഉത്സാഹത്തിലായി:
“വെയിലാറട്ടെ, ആറ്റിന്കരയിൽ പോകണം. നീ
വരുന്നോ? മൂന്നു വര്ഷം മുന്നം അതായത് സുഭദ്രയ്ക്ക്
ദീനം തുടങ്ങുന്നതിന് രണ്ടീസം മുമ്പാണ് ഞാനീ
ആറ്റിന്കരയിൽ അവസാനമായി

നടന്നത്.സുഭദ്രയൊരിക്കലും ഈ ആറ്റിന്കരയിൽ
പോയിട്ടേയില്ല."
ശശാങ്കൻ പറഞ്ഞു.

“ആറ്റിന്കരയിലേക്ക് ഞാനും വരും.“
രേണുക ഉച്ചത്തിൽ പറഞ്ഞു.
ശശാങ്കൻ അവളെ സൂക്ഷിച്ചുനോക്കി.
“എന്താണിങ്ങനെ നോക്കുന്നത്?"
“ഒന്നുമില്ല.“

ശശാങ്കൻ പതിയെ ചിരിച്ചു.
സുഭദ്രയെ കല്യാണം കഴിച്ച് ഈ വീട്ടിലേക്കു
കൊണ്ടുവരുന്നതിനു മൂന്നു മാസം മുമ്പ് അമ്മയ്ക്ക്
ചിത്തദീനം തുടങ്ങി. ദീനം മൂര്ച്ഛിച്ചതൊക്കെ
പെട്ടെന്നായിരുന്നു. പിന്നെ അമ്മയെ ശുശ്രൂഷിക്കാൻ
സൂഭ്രയുണ്ടായിരുന്നല്ലോ.
അത്അമ്മയ്ക്കൊരാശ്വാസമായിരുന്നു. പക്ഷേ സുഭദ്ര വന്ന്
മുപ്പത്തിരണ്ടാംനാൾ അമ്മ....
“ഈ മാളികയ്ക്കൊരുവന്യമായ സൗന്ദര്യമാണ്."
രേണുക ചുറ്റുപാടും തോര്ത്തു .
“നിന്നെപ്പോലെ.“
“ശശാങ്കൻ അതുപറഞ്ഞപ്പോൾ രേണുകയുടെ മുഖം
മങ്ങി.
മാളികയുടെ ഇരുണ്ട മൂലകളില് നിന്നും വെളിച്ചം
കയറാത്ത മേലാപ്പുകളില് നിന്നും പ്രാവുകളുടെ കുറുകൽ
ഉയര്ന്നു . അത് അകലങ്ങളില്ലി ന്നുവന്ന്
മരച്ചുവരുകളിൽ പ്രതിദ്ധ്വനിച്ച്
മാളികയാകെപെരുകിനിറഞ്ഞു. അപ്പോൾ
മരച്ചുവരുകളില്ലിന്ന് ആത്മാവുകളിറങ്ങിവന്ന്
താളത്തിനൊപ്പിച്ച് നൃത്തംചവിട്ടി.
നൃത്തമാടുന്നവരിൽ സുഭ്രദയുണ്ടായിരുന്നു.
അമ്മയുണ്ടായിരുന്നു. പിന്നെ...

“ഈ വലിയ മാളികയിൽ നമ്മൾ രണ്ടുപേരും മാത്രമാണെന്നോര്ക്കുമ്പോൾ ഭയംതോന്നുന്നു.““
രേണുക ചകിതയായി.
“എനിക്കങ്ങനെ തോന്നുന്നില്ലല്ലോ.“
ശശാങ്കൻ കുസൃതിയോടെ ചിരിച്ചു.
“ഈ ഏകാന്തതയിൽ..."
ശശാങ്കൻ്റെ ബാക്കി വാക്കുകൾ വികാരത്തിൻറെ നിറവിൽ സാന്ദ്രമാക്കപ്പെട്ടു.
രേണുകയുടെ മുഖം ചുവന്നു.
പിന്നെ ശശാങ്കൻ രേണുകയെ...
“നോക്കൂ. ആറിപ്പോൾ മുഴുവനായി കാണാമെന്ന് തോന്നുന്നു."
രേണുക ശശാങ്കൻ്റെ കൈപിടിച്ച് പറഞ്ഞു.
“അതെ ഇവിടെനിന്നു നോക്കുമ്പോൾ ആറ് വളരെ ചെറുതായിരിക്കുന്നു.“ '
സുഭദ്രയുടെയും എൻ്റെയും അറപ്പുര ഈ നിലയിലായിരുന്നു. നല്ല കാറ്റുള്ളയിടം! തൊട്ടപ്പുറത്തെ മുറി ദിവ്യേട്ത്തി താമസിച്ചിരുന്നതാണ്.
സുഭദ്രയ്ക്ക് ദീനം തുടങ്ങിയപ്പോൾ സുഭ്രദയുടെ അമ്മ ദിവ്യേട്ത്തിയെ ഇവിടെക്കൊണ്ടുവന്നാക്കിയിട്ട് പോയി.
ദിവ്യേട്ത്തി പാവമായിരുന്നു.
ദിവ്യേടത്തിയില്ലായിരുന്നെങ്കിൽ സുഭ്രദ അവസാനനാളുകളിൽ...

“നോക്കു "രേണുകാ." ശശാങ്കൻ ദൂരേക്ക് കൈചൂണ്ടി.

രേണുകയെവിടെ? രേണുക ഇടനാഴിയുടെ അങ്ങേയറ്റത്തേക്ക് നടക്കുകയാണ്.
ശശാങ്കൻ അതുകണ്ടു.
രേണുകാ“
ശശാങ്കൻ വിളിച്ചതുകേട്ട് രേണുക തിരിഞ്ഞുനോക്കിയെങ്കിലും അവൾ ഒരു മന്ദസ്മിതത്തോടെ നേരെനടന്നു.

“രേണുകാ നില്ക്ക്!” രേണുക അത് ശ്രദ്ധിച്ചില്ല.

ശശാങ്കൻ അവള്ക്ക് പിന്നാലെയോടിച്ചെന്നു.
അതിനു മുമ്പേ രേണുക ഇടനാഴി തള്ളിത്തുറന്ന്
അകത്തുകയറി.
ശശാങ്കൻ ഇടിവെട്ടേറ്റതുപോലെയായി.

ആ മുറിപൂട്ടിയിരുന്നതാണല്ലോ?
ശശാങ്കൻ സംശയിച്ചു.
ശശാങ്കൻ ആ മുറിയിലേക്ക് പാഞ്ഞുചെന്നു.
രേണുക ഇവിടെ എന്തുചെയ്യുകയാണ്?
മുറിയുടെ മൂലയിലെ വലിയ ഇരുമ്പുകൊളുത്തിൽ
കൊരുത്തിട്ട ഇനിയുംതുരുമ്പിക്കാത്ത ചങ്ങലയിൽ
രേണുക സ്വയം ബന്ധിക്കാൻ ശ്രമിക്കുകയായിരുന്നു.

രേണുകാ നീയെന്താണി കാണിക്കുന്നത്?”

ശശാങ്കൻ രേണുകയെ പിടിച്ചു മാറ്റാൻ ശ്രമിച്ചു.
അവള്ക്കു മുന്നിരട്ടി ശക്തിയുണ്ടായിരുന്നു. രേണുക
അയാളെ തള്ളി താഴെയിട്ടു.

പൊടിപിടിച്ച വെടിപ്പില്ലാത്ത തറയിൽ ശശാങ്കൻ
മൂക്കുകുത്തി വീഴുന്നതുകണ്ട് രേണുക പൊട്ടിച്ചിരിച്ചു.
പിന്നെ ഗൗരവപ്പെട്ട ചങ്ങലകൊണ്ട്സ്വന്തം ദേഹത്തെ
അവൾ കൊളുത്തിനോട് ചേര്ത്തു കെട്ടി.

“രേണുകാ നിനക്കെന്തുപറ്റി?”

ശശാങ്കൻ പരിഭ്രാന്തനായി.

ചങ്ങലയുടെ സുരക്ഷയിൽ ഊറ്റംകൊണ്ട് രേണുക
മറുപടി പറയാതെ പൊട്ടിച്ചിരിച്ചു.

പാർവതിവല്ലഭ പരമേശ്വരാവിഭോ
ഇന്ദുശേഖര ഗിരീശ പന്നഗേന്ദ്ര..
ശശാങ്കന് കണ്ണിൽ ഇരുട്ട് നിറഞ്ഞു.
രേണുക വികൃതമായ ചേഷ്ടകൾ കാണിച്ചു.

ഈശ്വരാ! സുഭദ്രയും അമ്മയും... ഇനിയിപ്പോൾ
രേണുകയും... ശശാങ്കൻ അതൊന്നും താങ്ങാനാവാതെ
നിലത്ത് തളർന്നിരുന്നു.

രേണുക അതുകണ്ട് കൈകൊട്ടിച്ചിരിച്ചു.

പിന്നെ അവൾ കാതോർത്തു

ഇപ്പോൾ പ്രാവുകളുടെ സംഗീതമുയരും!

അതുകേട്ട് മരച്ചുവരുകളില്നിന്ന് നൃത്തംചെയ്യാൻ
ആത്മാവുകളിറങ്ങിവരും!

വിനോദ് നാരായണൻ (1997 ൽ മംഗളം വാരികയിൽ
പ്രസിദ്ധീകരിച്ച കഥ)

നൈന ബുക്സിന്റെ
ഓൺലൈൻ സ്റ്റോറിൽ നിന്ന്
പ്രിന്റഡ് പുസ്തകങ്ങളും ഇബുക്കുകളും
ലഭ്യമാണ്. പ്രിന്റഡ് പുസ്തകങ്ങൾക്ക്
കാഷ് ഓൺ ഡെലിവറി ലഭ്യമാണ്.
സന്ദർശിക്കുക
www.nynabooks.com

NYNA BOOKS

www.nynabooks.com

പ്രിന്റഡ് ബുക്കുകൾ

അന്താരാഷ്ട്ര നിലവാരത്തിൽ പെർഫക്ട് ബൈൻഡിങ്ങിൽ മേൽത്തരം പേപ്പറിലാണ് നൈനാബുക്സ് പ്രിന്റഡ് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കു ന്നത്. പുസ്തകത്തിന്റെ നിർമാണമേ ന്മയിൽ യാതൊരു കുറവും വരാതിരിക്കാൻ ഞങ്ങൾ ശ്രദ്ധിക്കുന്നു. പ്രിന്റഡ് പുസ്തകങ്ങൾക്ക് വി.പി. പി. സൗകര്യം ലഭിക്കുന്നു.9567216134 എന്ന നമ്പറിലേക്ക് നിങ്ങളുടെ പേരും വിലാസവും വാങ്ങാൻ ഉദ്ദേശിക്കുന്ന പുസ്ത കത്തിന്റെ പേരും എസ്എം എസ് അല്ലെങ്കിൽ വാട്ട്സാപ്പ് ചെയ്യുമ്പോൾ പുസ്തകം അയക്കുന്ന താണ്. പോസ്റ്റുമാൻ പുസ്തകം വീട്ടിൽ കൊണ്ടുവരു മ്പോൾ അദ്ദേഹത്തിന്റെ കൈവശം പണം കൊടു ത്താൽ മതി.

ഇ ബുക്കുകൾ

പുസ്തകങ്ങളുടെ പകുതി വിലയ്ക്ക് ഇ ബുക്കുകൾ ലഭിക്കും. ഇ ബുക്കുകൾക്കായി ഞങ്ങളുടെ വെബ് സൈറ്റ് സന്ദർശിച്ച് അതിലെ ബൈ ബട്ടൺ സംവി ധാനം ഉപയോഗിച്ച് പണം അടച്ചാൽ അപ്പോൾ ത്തന്നെ പുസ്തകം നിങ്ങളുടെ ഇമെയിലിൽ ഇൻ സ്റ്റന്റായി വരുന്നതാണ്. കൃത്യമായ ഇമെയിൽ വിലാ സം നൽകാൻ ശ്രദ്ധിക്കണം.

NYNA BOOKS

www.nynabooks.com

















